"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ശൂരനാട് ടി.കെ.ഡി.എം. യു.പി.എസ്.-ലെ ഓഫീസ് അറ്റൻഡന്റ് ശ്രീ ബിജു എസ്. ഫയൽ ചെയ്ത 47446/2025 നമ്പർ റിട്ട് പെറ്റീഷനിൽ 18.12.2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3061/2026/GEDN തീയതി,തിരുവനന്തപുരം, 06-05-2026

പരാമർശം:-

1. ശ്രീ ബിജു എസ്. -ന്റെ 20.08.2025 തീയതിയിലെ റിവിഷൻ ഹർജി.
2. 47446/2025 നമ്പർ റിട്ട് പെറ്റീഷനിൽ 18.12.2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.02.2026 തീയതിയിലെ എഫ്4/2297/2026/ഡിജിഇ നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

ശൂരനാട് ടി.കെ.ഡി.എം. യു.പി.എസ് -ലെ ഓഫീസ് അറ്റൻഡന്റ് ശ്രീ ബിജു എസ്. ഫയൽ ചെയ്ത 47446/2025 നമ്പർ റിട്ട് പെറ്റീഷനിൽ 18.12.2025-ലെ പരാമർശം (2) വിധിന്യായ പ്രകാരം, ഹർജിക്കാരൻ സമർപ്പിച്ചിട്ടുള്ള എക്സിബിറ്റ് പി6 റിവിഷൻ ഹർജിയിൽ ഹർജിക്കാരനെ കേട്ട് വിധി പകർപ്പ് കിട്ടി എത്രയും വേഗം തീരുമാനമെടുക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം 18.02.2026ൽ നേരിൽ കേട്ടു.

3. 15.07.2009 മുതൽ 31.05.2010 വരെയുള്ള കാലയളവ് തുടർച്ചയായ അംഗീകൃത സേവനമായി കണക്കാക്കി, പ്രസ്തുത കാലയളവിലെ ശമ്പളവും അലവൻസുകളും അനുവദിക്കുന്നതിനും വിതരണം ചെയ്യുന്നതിനും, ടിയാന്റെ സർവീസ് ബുക്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്താൻ നിർദ്ദേശം നൽകണമെന്നും ആവശ്യപ്പെട്ടാണ് ശ്രീ ബിജു എസ്. പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

4. ടി വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഹർജിക്കാരനായ ശ്രീ ബിജു എസ്., 22/08/1997 മുതൽ ചവറ ഉപജില്ലയിൽപ്പെട്ട കുന്നുംതറ യു.പി. സ്കൂളിൽ സേവനമനുഷ്ഠിച്ചു വരവേ, ചവറ കെ.എം.എം.എൽ -ന്റെ കരിമണൽ ഖനനത്തിന് വേണ്ടി, ടി സ്കൂൾ സ്ഥിതിചെയ്തിരുന്ന ഭൂമി ഏറ്റെടുത്തതിന്റെ ഭാഗമായി, 2009-2010 വർഷം ടി സ്കൂളിൽ ഒരു കുട്ടിപോലും പഠിക്കാനില്ലാത്ത അവസ്ഥ ഉണ്ടാകുകയും, കുന്നുംതറ യു.പി.

സ്കൂൾ 2010 - 2011 അധ്യയന വർഷം മുതൽ അടച്ചു പൂട്ടുന്നതിന് അനുമതി നൽകിക്കൊണ്ട് 29/03/2010 ലെ G.O(MS) No.47/2010/G.Edn. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും, ടി സ്കൂളിൽ അക്കാലയളവിൽ സംരക്ഷണ ആനുകൂല്യത്തിന് അർഹതയില്ലാതെ തുടർന്ന് വന്നിരുന്ന, 22/08/1997 മുതൽ അംഗീകൃത സർവീസുള്ള ശ്രീ ബിജു എസ്., ഓഫീസ് അറ്റൻഡന്റ് 13/07/2005 മുതൽ അംഗീകൃത സർവ്വീസുള്ള ശ്രീമതി വി.അഖില, പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ഹിന്ദി അദ്ധ്യാപിക, എന്നിവരുടെ കാര്യത്തിൽ, സംരക്ഷണവുമായി ബന്ധപ്പെട്ട് അക്കാലയളവിൽ നിലവിലുണ്ടായിരുന്ന ചട്ടങ്ങളിൽ ഇളവ് വരുത്തിക്കൊണ്ട്, ഒരു പ്രത്യേക കേസായി പരിഗണിച്ച് 01/06/2010 മുതൽ സർക്കാർ സ്കൂളിലേക്ക് പുനർവിന്യസിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിരുന്നു. അത്തരത്തിൽ പുനർവിന്യസിക്കപ്പെട്ട ശ്രീ ബിജു എസ്., ഓഫീസ് അറ്റൻഡന്റിന്റെ 15/07/2009 മുതൽ 31/05/2010 വരെയുള്ള സർവീസ് കാലയളവ് തുടർച്ചയായ അംഗീകൃത സർവീസ് കാലയളവായി പരിഗണിച്ച് അക്കാലയളവിലെ ശമ്പളവും, മറ്റാനുകൂല്യങ്ങളും അനുവദിച്ച് നൽകണമെന്നതാണ് ടിയാന്റെ ഹർജിയിലെ ആവശ്യം.

കുന്നുംതറ യു.പി.സ്കൂളിൽ, 2009-2010 അധ്യയന വർഷം ഒരു കുട്ടിപോലും പഠിക്കാൻ ഇല്ലാതിരുന്ന സാഹചര്യത്തിൽ, 2009-2010 അധ്യയന വർഷം ടി സ്കൂളിൽ തസ്തിക നിർണ്ണയം നടത്തുകയോ ഡിവിഷനുകളും, തസ്തികകളും അനുവദിക്കുകയോ ചെയ്തിട്ടില്ല. 2009-2010 വർഷം നിലവിലുണ്ടായിരുന്ന സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, സംരക്ഷണാനുകൂല്യത്തിന് അർഹതയുണ്ടായിരുന്ന ടി സ്കൂളിലെ നാല് യു.പി.എസ്.റ്റി. മാരെ (ശ്രീമതി വൽസ കെ. ജോർജ്, ശ്രീമതി എം. ശാന്തമ്മ, ശ്രീമതി കെ. ഷീല, ശ്രീമതി ജയശ്രീ എന്നിവർ) സംരക്ഷണ ആനുകൂല്യത്തിൽ പുനർവിന്യസിക്കുകയും, സംരക്ഷണാനുകൂല്യത്തിന് അർഹത ഉണ്ടായിരുന്ന ശ്രീമതി കൃഷ്ണകുമാരി സി.കെ, പ്രഥമാധ്യാപിക, 2009-2010 വർഷം ടി സ്കൂളിൽ തുടരുകയും സ്കൂളിൽ നിന്നും ശമ്പള ആനുകൂല്യങ്ങൾ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

കുന്നുംതറ യു.പി സ്കൂളിന്റെ മെയ് 2010 വരെയുള്ള അധ്യാപകരുടെ ഹാജർ ബുക്ക് പരിശോധിച്ചതിൽ, ശ്രീമതി കൃഷ്ണകമാരി സി.കെ, പ്രഥമാധ്യാപിക, ശ്രീ ബിജി.എസ്, ഓഫീസ് അറ്റൻഡന്റ് എന്നിവർ 2009-2010 വർഷം 31/05/2010 വരേയും, ശ്രീമതി അഖില വി., പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ഹിന്ദി അദ്ധ്യാപിക 31/03/2010 വരേയും ഹാജർ ബുക്കിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2009-2010 വർഷം കുന്നുംതറ യു.പി. സ്കൂളിൽ ഓഫീസ് അറ്റൻഡന്റ് തസ്തിക നിലവിലില്ലാത്തതിനാലും, 2009-2010 വർഷം നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം സംരക്ഷണാനുകൂല്യത്തിന് അർഹതയില്ലാത്തതിനാലും 15/07/2009 മുതൽ 31/05/2010 വരെയുള്ള സർവ്വീസ് കാലയളവ്, തുടർച്ചയായ അംഗീകൃത സർവ്വീസ് കാലയളവായി പരിഗണിച്ച്, അക്കാലയളവിലെ ശമ്പളവും, മറ്റാനുകൂല്യങ്ങളും അനുവദിച്ച് നൽകണമെന്ന ഹർജിയിലെ ആവശ്യം പരിഗണിക്കാൻ കഴിയുന്നതല്ല എന്ന് വിലയിരുത്തുന്നു. കുന്നുംതറ യു.പി.സ്കൂളുമായി ബന്ധപ്പെട്ട രേഖകളിൽ അപേക്ഷകന്റെ പേര് "ബിജി എസ്" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി പേര് 10/10/2017ലെ ഗസറ്റ് വോളിയം VI, No 40 പ്രകാരം ബിജു എസ്. എന്ന് തിരുത്തിയിട്ടുണ്ട് എന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ ടിയാൻ ശാസ്താംകോട്ട ഉപജില്ലയിൽപ്പെട്ട ടി.കെ.ഡി.എം യു.പി.എസ് ശൂരനാട് സ്കൂളിൽ ജോലിയിൽ പ്രവേശിച്ച് സേവനം അനുഷ്ഠിച്ച് വരികയും ചെയ്യുന്നു എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട

രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2009-2010 വർഷം കുന്നുംതറ യു.പി.സ്കൂളിൽ ഓഫീസ് അറ്റൻഡന്റ് തസ്തിക നിലവിലില്ലാത്തതിനാലും, 2009-2010 വർഷം നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം സംരക്ഷണാനുകൂല്യത്തിന് അർഹതയില്ലാത്തതിനാലും 15/07/2009 മുതൽ 31/05/2010 വരെയുള്ള സർവ്വീസ് കാലയളവ്, തുടർച്ചയായ അംഗീകൃത സർവ്വീസ് കാലയളവായി പരിഗണിച്ച്, അക്കാലയളവിലെ ശമ്പളവും, മറ്റാനുകൂല്യങ്ങളും അനുവദിച്ച് നൽകണമെന്ന ഹർജിയിലെ ആവശ്യം പരിഗണിക്കാൻ കഴിയുന്നതല്ല.

6. മേൽ സാഹചര്യത്തിൽ, ശ്രീ ബിജു എസ്. -ന് 15.07.2009 മുതൽ 31.05.2010 വരെയുള്ള കാലയളവ് തുടർച്ചയായ അംഗീകൃത സേവനമായി അംഗീകരിച്ച് നൽകണമെന്ന ആവശ്യം നിരസിച്ച് അപ്രകാരം ശ്രീ ബിജു എസ്. ഫയൽ ചെയ്ത 47446/2025 നമ്പർ റിട്ട് പെറ്റീഷനിൽ 18.12.2025 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീ ബിജു എസ്., ഓഫീസ് അറ്റൻഡന്റ്, റ്റി.കെ.ഡി.എം.യു.പി. സ്കൂൾ, നടുവിലേമുറി, ശൂരനാട്, ശാസ്താംകോട്ട, കൊല്ലം - 690 561
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ശാസ്താംകോട്ട
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/13/2026-G.EDN)

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
സെക്ഷൻ ഓഫീസർ
Date: 06-05-2026 13:34:43

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.